ഓതറ വഴിയുള്ള ബസ്സ് സർവ്വീസുകൾ

842. [1036] ശ്രീ. ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂർ-തിരുവല്ല ഡിപ്പോകളിൽ നിന്ന് ഓതറ വഴി നടത്തി കൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസുകളിൽ എത്രയെണ്ണം ക്യാൻസൽ ചെയ്തിട്ടുണ്ട് ;

(ബി) ഇവ നിറുത്തൽ ചെയ്യാൻ കാരണമെന്ത് ?

ഉത്തരം

(എ) സർവ്വീസുകളൊന്നും സ്ഥിരമായി നിറുത്തൽ ചെയ്തിട്ടില്ല. വാഹനങ്ങളുടെ ദൗർലഭ്യംമൂലം ചില സർവ്വീസുകൾ താല്ക്കാലികമായി നിറുത്തി വയ്ക്കേണ്ടിവന്നിട്ടുണ്ട്,

(ബി) ചോദ്യം ഉദിക്കുന്നില്ല.

പിറവത്ത് ഒരു കെ. എസ്. ആർ. ടി. സി. ബസ്സ് സ്റ്റാൻറ്

843. [1037] ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവത്ത് ഒരു കെ. എസ്. ആർ. ടി. സി. ബസ്സ് സ്റ്റാൻറ് തുടങ്ങണമെന്ന ആവശ്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനുവേണ്ടിയുള്ള സ്ഥലം പിറവം പഞ്ചായത്ത് സൗജന്യമായി നൽകിയിട്ടുണ്ടോ ;

(സി) ഈ ബസ്സ് സ്റ്റാൻറിൻെറ പ്രവർത്തനം എന്ന് തുടങ്ങുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ബസ്സ് സ്റ്റേഷൻ തുടങ്ങുന്നതിനാവശ്യമായ അഞ്ചേക്കർ സ്ഥലവും ഗ്യാരേജും മറ്റു കെട്ടിടങ്ങളും സൗജന്യമായി നൽകാൻ പഞ്ചായത്തോ മറ്റു സന്നദ്ധ സംഘടനകളോ തയ്യാറാകാത്തതിനാൽ ബസ്സ് സ്റ്റാൻറിൻെറ പ്രവർത്തനം തുടങ്ങുവാൻ നിർവ്വാഹമില്ല.

വേണാട് എക്സ്പ്രസ്സ് യാത്രക്കാരുടെ സൗകര്യാർത്ഥം സിറ്റി സർവ്വീസുകൾ

844. [1038] ശ്രീ. വി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തുനിന്നും പ്രഭാതത്തിൽ ഷൊർണ്ണൂരിന് പോകുന്ന വേണാട് എക്സ്പ്രസ്സ് ട്രെയിനിൽ പോകുവാനുള്ള യാത്രക്കാരുടെ സൗകര്യാർത്ഥം സിറ്റി ബസ്സുകൾ വിവിധ സ്ഥലങ്ങളിൽനിന്നും തമ്പാനൂരിലേക്ക് സർവ്വീസ് നടത്തുന്നുണ്ടോ ;

(ബി) ഇപ്രകാരം വേണാട്എക്സ്പ്രസ്സ് തിരിച്ച്തിരുവനന്തപുരത്ത് എത്തിച്ചേരുന്ന സമയത്ത്കൂടി സിറ്റിബസ്സുകൾ തമ്പാനൂരിൽകൂടി കടന്നു പോകുന്നതിനാവശ്യമായ ക്രമീകരണം ചെയ്യുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly